## ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**ഹാജർ : U.V.Jose IAS (Retd)**

വിഷയം :- ത.സ്വ.ഭ.വ - ശുചിത്വ മിഷൻ - മുടി മാലിന്യം ശേഖരിച്ചു ശാസ്ത്രീയമായി സംസ്കരണം നടത്തുന്നതിനായി ആഷ് ലോജിക്സ് എന്ന ഏജൻസിക്ക് നൽകിയിരുന്ന അംഗീകാരം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-

1. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ **12.03.2024** തീയതിയിലെ **6479/C4/2023/SM** നമ്പർ നടപടിക്രമം.
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ **10.01.2025** രാവിലെ **11.30**ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.
3. **15.05.2025, 10.07.2025** തീയതികളിലെ ഇ-മെയിൽ സന്ദേശം.
4. **06.06.2025, 10.09.2025** തീയതികളിലെ കാരണം കാണിക്കൽ നോട്ടീസുകൾ.
5. **27.06.2025, 22.09.2025** തീയതികളിലെ ആഷ് ലോജിക്സ് ഏജൻസിയുടെ കത്തുകൾ.
6. **01.09.2025, 27.10.2025** പാലക്കാട് ജില്ലാ ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട്.
7. **22.10.2025** രാവിലെ **11** മണിക്ക് ആഷ് ലോജിക്സ് എം.ഡിയെ നേരിൽ കേട്ടതിന്റെ മിനിറ്റ്സ്.

നമ്പർ : **SM/156/2025-C4** തീയതി: **07-11-2025**

## ഉത്തരവ്

ഖരമാലിന്യ (അജൈവ) സംസ്കരണ മേഖലയിൽ മുടി മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരണം നടത്തുന്നതിലേയ്ക്ക് ആഷ് ലോജിക്സ് എന്ന ഏജൻസിയ്ക്ക് അംഗീകാരം നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) യോഗത്തിൽ മുടി മാലിന്യത്തോടൊപ്പം കടകളിൽ നിന്നും ലഭിക്കുന്ന പ്ലാസ്റ്റിക് മാലിന്യം പേപ്പർ, ടിഷ്യു പോലുള്ള മറ്റ് അജൈവമാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡ്നും. ബ്ലേഡ്, ഉപയോഗിച്ച സിറിഞ്ചുകൾ, സൂചികൾ മുതലായ ബയോമെഡിക്കൽ മാലിന്യങ്ങൾ ശാസ്ത്രീയ മാലിന്യ സംസ്കരണത്തിനായി ശുചിത്വ മിഷൻ അംഗീകൃത ഏജൻസിക്കും കൈമാറേണ്ടതാണെന്നും, കൂടാതെ മേൽപ്പറഞ്ഞ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടതിന്റെ പകർപ്പ് ശുചിത്വ മിഷനിൽ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്നും ഏജൻസിയെ അറിയിക്കുകയും, ഇതു സംബന്ധിച്ചു പരാമർശം (3) പ്രകാരം ഏജൻസിയ്ക്ക് ഓർമക്കുറിപ്പും നൽകിരുന്നു. എന്നാൽ ആവശ്യപ്പെട്ട കരാറുകളുടെ പകർപ്പ് ഏജൻസി ഇതുവരെ സമർപ്പിച്ചിട്ടില്ല.

ആഷ് ലോജിക്സ് എന്ന ഏജൻസി അംഗീകാരം ലഭിക്കുന്നതിനായി ശുചിത്വ മിഷൻ സാങ്കേതിക സമിതിയ്ക്ക് മുമ്പാകെ സമർപ്പിച്ച പ്രോസസ്സ് ഫ്ലോ പ്രകാരം പ്ലാന്റ് പ്രവർത്തിപ്പിക്കാത്തതും, അശാസ്ത്രീയമായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പരാമർശം (4) പ്രകാരം രേഖാമൂലം ഏജൻസിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിരുന്നു.

പരാമർശം (5) പ്രകാരം ആഷ് ലോജിക്സിൽ നിന്നും ലഭിച്ച മറുപടി പരിശോധിച്ചതിൽ , ഏജൻസി അറിയിച്ചിട്ടുള്ള വിശദീകരണം തൃപ്തികരമല്ലെന്നു കണ്ടെത്തിയതിന്റെയും പരാമർശം (6) ജില്ലാ ശുചിത്വ മിഷൻ പരിശോധന റിപ്പോർട്ട് മുഖാന്തിരം ഇത് ബോധ്യപ്പെട്ടതിന്റെയും, പരാമർശം (7) ഏജൻസിയെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ, എംപാനൽമെന്റ് നിബന്ധനകളുടെ ലംഘനം, ശുചിത്വ മിഷന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിയെന്നതിനാലും , **ആഷ് ലോജിക്സ്, 16/1129, നിദ, കഞ്ചിക്കോട്, പുതുശ്ശേരി, പാലക്കാട് – 678 621** എന്ന ഏജൻസിക്ക് മുടി മാലിന്യ ശേഖരണ സംസ്കരണ മേഖലയിലെ അംഗീകാരം **ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ സസ്പെൻഡ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.**

**U.V.Jose IAS (Retd)**

**EXECUTIVE DIRECTOR**

സ്വീകർത്താവ്

ബന്ധപ്പെട്ട ഏജൻസി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2. ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.
4. എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
5. ഓഫീസ് കോപ്പി/കരുതൽ ഫയൽ.